# Telephonic Conversation between PM and Crown Prince of Abu Dhabi

March 26, 2020

## പ്രധാനമന്ത്രിയും അബുദാബി കിരീടാവകാശിയും തമ്മിലുള്ള ടെലി ഫോൺ സംഭാഷണം

**മാർച്ച് 26, 2020**

അബുദാബി കിരീടാവകാശിയായ ഷേയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ശ്രീ നരേന്ദ്ര മോഡി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

തങ്ങളുടെ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കോവിഡ്-19 പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട് കാഴ്ച പാടുകളും വിവരങ്ങളും കൂടാതെ സർക്കാരുകൾ സ്വീകരിച്ച നടപടികളെയും കുറിച്ച് രണ്ടു നേതാക്കളും ചർച്ച ചെയ്യുകയുണ്ടായി. വൈറസ് വ്യാപന നിയന്ത്രണത്തിൽ വരാനിരിക്കുന്ന ഏതാനും ആഴ്ചകൾ അതീവ പ്രാധാന്യമുള്ളതാണെന്നും ഇതിനെതിരായി ശക്തവും ഏകോപിതവുമായ പ്രവർത്തനങ്ങൾ എല്ലാ രാജ്യങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും അവർ സമ്മതിച്ചു.ഈ പശ്ചാത്തലത്തിൽ, പകർച്ചവ്യാധിയെ കുറിച്ച് ചർച്ച ചെയ്യുന്ന G20 നേതാക്കളുമായി ഇതേ ദിവസം നടത്തിയ വിർച്വൽ ഉച്ചകോടിയെ അവർ അഭിനന്ദിച്ചു.

രണ്ടു നേതാക്കളും തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഉഭയകക്ഷി ബന്ധത്തിന്റെ ശക്തിയും സമൃദ്ധിയും ചൂണ്ടികാണിച്ചു.ഇന്നത്തെ സാഹചര്യത്തിൽ, പ്രത്യേകിച്ചും വസ്തുക്കളുടെ വിതരണത്തിന്റെ തുടർച്ച സംബന്ധിച്ച് ഉദ്യോഗസ്ഥർക്കിടയിൽ സ്ഥിരമായ പര്യാലോചനകൾ നടത്തുമെന്നും അവർ സമ്മതിച്ചു.

UAE താമസിക്കുകയും അവരുടെ സമ്പത്ഘടനയിലേക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന 2 മില്യണിൽ കൂടുതലുള്ള ഇന്ത്യക്കാരുടെ ക്ഷേമത്തെ കിരീടാവകാശി പ്രധാനമന്ത്രിയ്ക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിലെ സാഹചര്യത്തിൽ ഇന്ത്യൻ പ്രവാസികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും കുറിച്ചുള്ള അദ്ദേഹത്തെ വ്യക്തിഗത താല്പര്യത്തിനു പ്രധാന മന്ത്രി നന്ദി പറഞ്ഞു.

കിരീടാവകാശിയ്ക്കും, രാജ്യ കുടുംബത്തിനും കൂടാതെ എല്ലാ എമിറേറ്റ്സ് പൗരന്മാർക്കും പ്രധാനമന്ത്രി മികച്ച ആരോഗ്യം ആശംസിച്ചു.

**ന്യൂ ഡൽഹി**
**26 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.